പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

15.12.2015-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 2970

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തുല്യത സർട്ടിഫിക്കറ്റ്

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നേടിയവർക്ക് തുല്യത സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലാറ്ററൽ എൻട്രി സ്കീം വഴി പോളി ഡിപ്ലോമ നേടിയവർക്ക് ഇവിടത്തെ പോളിടെക്നിക്കിന് തുല്യമായ സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നുണ്ടോ ; മുൻപ് ഇവ കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷം വരെയാണ് ഇത്തരം തുല്യത സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുള്ളത് ;

(ബി) ജി.ഒ.(എം.എസ്) നം. 56/2014/ഉവിവ തീയതി 31.01.2014 സർക്കാർ ഉത്തരവിനു മുൻപ് അന്യസംസ്ഥാനങ്ങളിൽ നിന്നും ലാറ്ററൽ എൻട്രി വഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) തമിഴ് നാട്ടിലെ പോളിടെക്നിക്കുകളിൽ നിന്ന് ഡിപ്ലോമ, ലാറ്ററൽ എൻട്രി സ്കീമിൽ പൂർത്തിയാക്കിയവർക്ക് ഇവിടത്തെ ഡിപ്ലോമക്കാർക്ക് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണമെന്ന് വിശദമാക്കുമോ ?

(സി) ജി.ഒ.(എം.എസ്) നം. 455/2014/ഉവിവ തീയതി 9.7.2014, ജി.ഒ.(എം.എസ്) നം. 42/2015/ഉവിവ തീയതി 07.02.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നും ലാറ്ററൽ എൻട്രി വഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് സാങ്കേതിക പരീക്ഷാ വിഭാഗം നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പാസായാൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ